**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ അർഹരായ കൈവശക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പട്ടയ നടപടികൾ വേഗത്തിൽ ആക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പട്ടയനടപടികൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ ഭൂമി പതിവിനായി ഒരു സ്പെഷ്യൽ ആഫീസ് രൂപീകരിച്ച് 14/03/2024-ലെ സ.ഉ (കൈ) 65/2024/RD പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ആഫീസ് മുഖേന നാളിതു വരെ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 64 പട്ടയങ്ങൾ നൽകിയിട്ടുള്ളതുമാണ്. കഴിഞ്ഞ 5 വർഷങ്ങളിലായി 836 പട്ടയങ്ങൾ കോതമംഗലം താലൂക്ക് പരിധിയിൽ നൽകിയിട്ടുണ്ട്.<br><br>പാറപുറമ്പോക്ക്, തോട്, കുളം, കനാൽ,റോഡ് തുടങ്ങിയ പുറമ്പോക്ക് ഭൂമികളിൽ താമസിയ്ക്കുന്ന ഭൂരഹിതർക്ക് പട്ടയം നൽകുന്നതിന് കൂടുതൽ പരിശോധന വേണ്ടതും, സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമുള്ളതുമാണ്. ആയതിനാൽ അത്തരത്തിലുള്ള പട്ടയ പ്രശ്നങ്ങൾ ഉള്ള കോതമംഗലം മണ്ഡലം ഉൾപ്പെടെയുള്ള എല്ലാ നിയോജക മണ്ഡലത്തിലേയും പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന പട്ടയമിഷൻ 19/04/2023-ൽ രൂപീകരിച്ചിട്ടുള്ളതാണ്. കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിൽ കുട്ടമ്പുഴ-ആനക്കയം റോഡ്, കുട്ടമ്പുഴ-ഉരുളൻതണ്ണി-പിണവൂർകടി റോഡ് എന്നീ പൊതുമരാമത്ത് റോഡുകളോട് ചേർന്ന് വരുന്ന പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 21 പേർക്ക് ഭൂമി പതിച്ച് നൽകുന്നതിന് 15/03/2025-ലെ സ.ഉ (കൈ) നം. 74/2025/RD പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും, ആയത് പട്ടയമിഷൻ മുഖേന പരിഹരിക്കപ്പെട്ടിട്ടുള്ള പട്ടയപ്രശ്നങ്ങളിൽ ഉൾപ്പെടുന്നതുമാണ്. ഇത് കൂടാതെ നിലവിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ? | (ബി) | അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിലേയ്ക്കായാണ് കോതമംഗലത്ത് ഭൂമി പതിവിനായി 14/03/2024-ൽ സ്പെഷ്യൽ ആഫീസ് രൂപീകരിച്ചിട്ടുള്ളത്. ടി സ്പെഷ്യൽ ആഫീസ് മുഖേന ഭൂമി പതിവ് നടപടികൾ സ്വീകരിച്ച് വരവെ കുട്ടമ്പുഴ, നേര്യമംഗലം, കടവൂർ വില്ലേജുകളിലെ പ്രദേശങ്ങൾ നോട്ടിഫൈഡ് റിസർവ്വ് വനം എന്ന് വനം വകുപ്പ് അവകാശവാദം ഉന്നയിച്ച് തടസ്സം നിൽക്കുന്നതിനാൽ 1964-ലെ ചട്ടങ്ങൾ പ്രകാരം ഭൂമി പതിവ് നടപടികൾ തുടരുവാൻ സാധിക്കാത്ത സാഹചര്യമാണ്. എന്നിരിക്കിലും 1993-ലെ വനഭൂമി പതിവ് ചട്ട പ്രകാരമുള്ള ഭൂമിപതിവ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കോതമംഗലം മണ്ഡലത്തിലെ മറ്റ് പ്രദേശങ്ങളിൽ നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി ഭൂമി പതിവ് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി അത്തരത്തിലുള്ള കേസുകൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി സംസ്ഥാന പട്ടയമിഷൻ മുഖേന പട്ടയം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ